# കേരള സർവകലാശാല

നം. പി.ആർ.179/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്: ഒഴിവുകൾ

കേരള സർവകലാശാലയിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ ഉള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തതിന്റെ തീയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്. അസിസ്റ്റന്റ് തസ്തികയിൽ 13.05.2016 ൽ 80 ഒഴിവുകളും 24.06.2016 ൽ ഒരു ഒഴിവും 10.08.2016 ൽ 151 ഒഴിവുകളും, 01.11.2016 ൽ 358 ഒഴിവുകളും, 30.01.2017 ൽ 8 ഒഴിവുകളും, 28.04.2017 ൽ 19 ഒഴിവുകളും, 11.05.2017 ൽ 5 ഒഴിവുകളും, 21.07.2017 ൽ 38 ഒഴിവുകളും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 20.06.2017 ൽ 36 ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ അസിസ്റ്റന്റ് തസ്തികയിലെ 70 ഒഴിവുകളിലേക്കും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ 36 ഒഴിവുകളിലേക്കും ഉടൻ തന്നെ നിയമന ശുപാർശ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

### പി. ജി എൻട്രൻസ് 2017: അക്കാഡമിക് ഡീറ്റെയിൽസ് അപ്‌ലോഡ് ചെയ്യണം

കേരള സർവകലാശാലയുടെ പി. ജി എൻട്രൻസ് 2017(സി.എസ്.എസ്)പരീക്ഷ എഴുതിയവരുടെ അക്കാഡമിക് ഡീറ്റെയിൽസ് സർകലാശാല വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ആഗസ്റ്റ് 10 വൈകുന്നേരം 5 മണിക്ക് മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

### ബി.എ ഫലം

കേരള സർവകലാശാല ഏപ്രിൽ/മെയിൽ നടത്തിയ ബി.എ ആന്വൽ സ്കീം പാർട്ട് മൂന്ന് ഇംഗ്ലീഷ് ലിറ്ററേച്ചർ മെയിൻ പരീക്ഷയുടെ സപ്ലിമെന്ററി (ഓഫ്‌ലൈൻ) വിദ്യാർത്ഥികളുടെ തടഞ്ഞുവച്ചിരുന്ന ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്‌സി മേഴ്‌സി ചാൻസ് ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് 21–ന് ആരംഭിക്കുന്ന ബി.എസ്‌സി (ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിൻ വിഷയങ്ങളുടെ മേഴ്‌സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എം.എം.എ.എം ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ (ഫുൾടൈം, റെഗുലർ) ബി.എം.എം.എ.എം ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 22 വരെ അപേക്ഷിക്കാം.

## മനുഷ്യാവകാശത്തിലുള്ള പി.ജി ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല നിയമവകുപ്പ് മനുഷ്യാവകാശത്തിലുള്ള പി.ജി ഡിപ്ലോമ (P.G Diploma in Human rights) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ളബിരുദമാണ് അടിസ്ഥാന യോഗ്യത. എട്ട് മാസം ദൈർഘ്യമുള്ള കോഴ്സിന് 2500/- രൂപയാണ് ഫീസ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31 വൈകുന്നേരം 3 മണി വരെ. ഫോൺ: 0471-2308936.

## ബി.എസ്സി ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 16 മുതലും രണ്ടാം സെമസ്റ്റർ പരീക്ഷകൾ ആഗസ്റ്റ് 22 മുതലും അതത് പരീക്ഷാ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സി.ബി.സി.എസ് റാങ്കുകൾ പ്രസിദ്ധീകരിക്കേണ്ടതില്ല

കേരള സർവകലാശാലയിൽ ബി.എ, ബി.എസ്സി, ബി.കോം ഡിഗ്രി കോഴ്സുകൾക്ക് സി.ബി.സി.എസ് നടപ്പിലാക്കിയതിനെ തുടർന്ന് റാങ്ക് നൽകുന്ന രീതി നിറുത്തലാക്കിയ വിവരം അറിയിച്ചു കൊള്ളുന്നു. പുനർമൂല്യനിർണ്ണയവും സൂക്ഷ്മപരിശോധനയും കഴിഞ്ഞ ശേഷം മാത്രം പൊസിഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആയതിനാൽ സർവകലാശാലയുടെ ആധികാരിക രേഖയില്ലാത്ത റാങ്ക് പരസ്യപ്പെടുത്തുന്ന രീതി നിറുത്തിവെക്കേണ്ടതാണ്.

## ബി.എച്ച്.എം പരീക്ഷ

കേരള സർവകലാശാല നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) യുടെ (2014 സ്കീം) ആറാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് എട്ടിന് ആരംഭിക്കും. പിഴ കൂടാതെ ആഗസ്റ്റ് 16 (50 രൂപ പിഴയോടെ ആഗസ്റ്റ് 18, 125 രൂപ പിഴയോടെ ആഗസ്റ്റ് 19) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന അന്താരാഷ്ട്ര സെമിനാർ

കേരള സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സും ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റും സാമ്പത്തിക വികസനത്തിന് നിയമങ്ങളും സ്ഥാപനങ്ങളും: ഇന്ത്യയിൽ നിന്നുള്ള സിദ്ധാന്തങ്ങളും പ്രായോഗിക തലങ്ങളും എന്ന വിഷയത്തിൽ സംയുക്തമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സെമിനാർ സർവകലാശാല സെനറ്റ് ചേംബറിൽ ആരംഭിച്ചു. ആഗസ്റ്റ് 9-ന് രാവിലെ 10.30-ന് പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഐ.യു.സി.എ.ഇ ഡയറക്ടറും ഡിപ്പാർട്ട്മെന്റ് മേധാവിയുമായ പ്രൊഫ. എ. അബ്ദുൾ സലിം സ്വാഗതം ആശംസിച്ചു. സെമിനാർ കോർഡിനേറ്റർ സിദ്ധിഖ് റാബിയത്ത് സെമിനാർ തീം അവതരിപ്പിച്ചു. പ്രൊഫ. ബി.എസ് ചിമ്നി (ജെ.എൻ.യു) മുഖ്യ പ്രഭാഷണവും നടത്തി. അസോസിയേറ്റ് പ്രൊഫസർ ഡോ. അനിത വി. നന്ദിയും പ്രകാശിപ്പിച്ചു. തുടർന്ന് നടന്ന ടെക്നിക്കൽ സെഷനുകളിൽ പ്രൊഫ. സതീഷ് കെ. ജയിൻ (ജെ.എൻ.യു), പ്രൊഫ. ജയ്വീർ സിംഗ് (ജെ.എൻ.യു), ഡോ. ആഷിത ഡ്വായർ (ജിൻസാൽ ഗ്ലോബൽ ലോ സ്കൂൾ), ഡോ.ആരതി പി.എം. (കൗൺസിൽ ഫോർ സോഷ്യൽ ഡെവലപ്മെന്റ്, ന്യൂഡൽഹി), ആൻ മേരി

ചാക്കോ (സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കർണാടക), ആൻസി ജോൺ (കേരള സർവകലാശാല) എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

തിരുവനന്തപുരം.
09.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**